മിൽമയുടെ ആസ്ഥാന മന്ദിരം

41 [1975] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മിൽമയ്ക്ക് തിരുവനന്തപുരം ജില്ലയിൽ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള നടപടി ഇപ്പോഴും ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; ഇതിന് ചിലവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

മിൽമയുടെ ആസ്ഥാന മന്ദിരം പണിയുന്നതിനുള്ള ടെൻഡർ ഉടനെ ഉറപ്പിക്കുവാനും നിർമ്മാണ പ്രവർത്തനങ്ങളും 1996 ഏപ്രിൽ മാസം മുതൽ തുടങ്ങുവാനും ഉദ്ദേശിക്കുന്നു. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏകദേശം 75 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

മാട്ടുപ്പെട്ടിയിലെ സെൻറർ ഫോർ ലൈവ്സ്റ്റോക്ക് സ്റ്റഡീസ്

42 [1976] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാട്ടുപ്പെട്ടിയിലെ സെൻറർ ഫോർ ലൈവ്സ്റ്റോക്ക് സ്റ്റഡീസ് അന്താരാഷ്ട്ര നിലവാരം ഉള്ള പരിശീലന കേന്ദ്രമായി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

ഇത്തരത്തിലൊരു നിർദ്ദേശം ഗവൺമെൻറ് പരിശോധിച്ചു വരികയാണ്.

മിൽമയുടെ പൗഡർ പ്ലാൻറ്

43 [1977] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിദിനം പത്ത് ടൺ ഉൽപ്പാദനശേഷിയുള്ള മിൽമയുടെ പുതിയ പൗഡർ പ്ലാൻറ് എവിടെയാണ് സ്ഥാപിക്കുന്നത്;

(ബി) ഇതിന്റെ പ്രവർത്തനം എന്ന് തുടങ്ങും; ഇതിനായി എത്ര ലിറ്റർ പാൽ വേണ്ടിവരുമെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പ്ലാൻറിന്റെ മുതൽ മുടക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്ലാൻറിൽനിന്ന് പ്രതിവർഷം പ്രതീക്ഷിക്കുന്ന ലാഭം എത്ര ആണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ.

(ബി) ഇതിന്റെ പരീക്ഷണ ഉൽപ്പാദന പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഈ പ്ലാൻറ് പൂർണ്ണമായി പ്രവർത്തിപ്പിക്കുന്നതിന് ദിനം പ്രതി ഒരു ലക്ഷം ലിറ്റർ പാൽ വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

(സി) 5·27 കോടി രൂപ.

(ഡി) പാൽ മിച്ചംവരുന്ന 3–4 മാസങ്ങളിൽമാത്രം പ്രവർത്തിക്കേണ്ട പാൽപ്പൊടി നിർമ്മാണ ശാലയിൽനിന്നും ലാഭമൊന്നും പ്രതീക്ഷിക്കുന്നില്ല. പാലിന്റെ അധിക ഉൽപ്പാദന സമയത്ത് മിച്ചം വരുന്ന പാൽ അന്യസംസ്ഥാനങ്ങളിൽ കൊണ്ടുപോയി പാൽപ്പൊടിയാക്കുന്നതിനു വേണ്ടിവരുന്ന അധിക ചെലവും നഷ്ടവും ഒഴിവാക്കുന്നതിനാണ് മിൽമ ഈ പ്ലാന്റ് സ്ഥാപിച്ചത്.

മിൽമ ജീവനക്കാർക്ക് പെൻഷൻ

44 [1978] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യത്തിനു കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മിൽമ ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തുന്ന കാര്യം തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

തീരുമാനമായിട്ടില്ല.

കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം

45 [1979] ശ്രീ. എം. നാരായണൻ (കുഴൽമന്ദം):
,, പാച്ചേനി കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ 1991–92, 1992–93, 1993–94, 1994–95, 1995–96 എന്നീ വർഷങ്ങളിൽ എത്ര കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു;

(ബി) പ്രസ്തുത വർഷങ്ങളിൽ കോഴിക്കാവശ്യമായ തീറ്റ, ഷെഡ്, മരുന്ന് എന്നീ ഇനങ്ങളിൽ എന്തു തുകവീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം

1991–92	..	636503
1992–93	..	882663
1993–94	..	894655
1994–95	..	920592
1995–96	..	605750

LIBRARY ARCHIVES Kerala Legislative Assembly